GOVERNMENT OF KERALAM

Abstract

Disaster management Department -Proposal for Updated Keralam State Disaster Management Plan, 2026 -Approved - Orders issued.

DISASTER MANAGEMENT (A)DEPARTMENT

G.O.(Rt)No.424/2026/DMD Dated,Thiruvananthapuram, 13-10-2026

Read 1 Disaster Management Act, 2005

2 GO (Rt) No. 3667/2016/DMD dated 9-9-2016

3 GO (Rt) No. 399/2018/DMD dated 18-7-2018

4 GO (Rt) No. 248/2026/DMD dated 11-6-2026

5 Proceedings of the Chairman, DDMA, Idukki, No. DCIDK/4747/2023-DM3 dated 11-6-2024

6 Guidelines for Disaster Risk Assessment and Mitigation of Mining Operations in Landslide Susceptible Areas, Approved by the State Disaster Management Authority on 29-7-2026, 2026

ORDER

The State Disaster Management Plans of Keralam were approved vide 2nd paper, reaffirmed vide 3rd paper and the dynamic content updated as Orange Book vide 4th paper read above. The KSDMA in its meeting held on 29-7-2026 decided to update the Keralam State Disaster Management Plan and issue a guideline for Mining Operations in Landslide Susceptible Areas. The amendments made to the plan are as follows:

1. The State Disaster Management Plan will be hereafter called 'Keralam State Disaster Management Plan, updated 2026'
2. Orange Book of Disaster Management - Monsoon Preparedness and Disaster Response Guidelines approved and published from 2019 onwards, and updated annually, by KSDMA shall be part of Chapter 6 of the 'Keralam State Disaster Management Plan, updated 2026'

3. Section 3.21.1 of the Keralam State Disaster Management Plan, 2026 - Landslide risk reduction in the 'Keralam State Disaster Management Plan, updated 2026' will be:
   (i) Areas identified as landslide hazard susceptible in the landslide hazard susceptibility map prepared and published (and updated from time-to-time) by Geological Survey of India (national nodal agency for landslides as recognised by NDMA) is recognized as the area vulnerable to landslides for the purpose of compliance of Section 23 (4) (a), Section 30 (2) (iii), Section 31 (3) (a) and other appropriate sections of the Disaster Management Act, 2005 & Disaster Management (Amendment) Act, 2025.
4. Maps that are not approved by Geological Survey of India shall not be the basis of decision making for landslide risk governance and administration in the State by any authority/departments/local self governments.
5. Specific directions in Orange Book for landslide risk reduction shall be complied by all stakeholders.
6. In high and moderate landslide hazard zones and in specific slopes where landslides are known to have occurred in the past, probability of triggering of landslides are known to increase due to unregulated blasting. These vulnerable zones (high and moderate landslide hazard zones and specific slopes where landslides are known to have occurred in the past) require careful site- specific Slope Stability Assessment and Blast Vibration Study by recognized central institutions, and the recommendations of such studies needs to be strictly made part of the mining plan to reduce landslide risks. Department of Mining and Geology, State Level Expert Appraisal Committee and State Environment Impact Assessment Authority are directed herewith to comply with the Guidelines issued as Annexure 24 of 'Keralam State Disaster Management Plan, updated 2026' prior to issuing new quarry license, or permit continued operations of quarries, in the high and moderate landslide hazard zones.
7. In order to eliminate any inconsistency, all directions, orders, guidelines, or plans issued by District Disaster Management Authorities (DDMAs) or any other authorities - except those of the Honble High Court or Supreme Court - that are in contradiction with Annexure 24 of the Keralam State Disaster Management Plan, 2026, shall stand amended and aligned with Annexure 24, hereafter. This decision is in exercise of Section 72 of the Disaster

Management Act, 2005.

8. Examples of restrictions that may be used by District Disaster Management Authorities and Local Authority for regulating construction in landslide hazard zones for risk reduction can be found in the Proceedings of the Chairman, DDMA, Wayanad, No. 2014/21178/12/H3 dated 30-06-2015(Annexure 8) and Proceedings of the Chairman, DDMA, Idukki, vide reference read 5th above(Annexure 23).
9. Creation of rain pits on slopes greater than 20deg will increase the probability of landslides and hence shall be banned.

2. Government has examined the matter in detail and hereby approved the proposal for Updated Keralam State Disaster Management Plan, 2026 and KSDMA is permitted to revise the State Disaster Management Plan as above and republish as ' Keralam State Disaster Management Plan, updated 2026' with appropriate changes wherever needed to ensure consistency with the above decisions. Annexure 23 and Annexure 24 are attached herewith to be read as part of the Government Order. Annexure 24 of the Keralam State Disaster Management Plan, updated 2026' shall be made applicable for Mining Operations in Landslide Susceptible Areas in the State from the date of issuance of this Order.

(By order of the Governor)
TINKU BISWAL
PRINCIPAL SECRETARY

To:

The Commissioner, Disaster Management.
The Commissioner for Land Revenue, Thiruvananthapuram.
The State Police Chief, Police Head Quarters, Thiruvananthapuram.
The Director General, Kerala Fire & and Rescue services, Thiruvananthapuram.
The Director, Mining and Geology.
The Director, Environment and climate change.
The Director, Health Services, Thiruvananthapuram.
The Director of Medical Education, Thiruvananthapuram.
The Member Secretary, Kerala State Disaster Management Authority

The Head (Scientist), State Emergency Operations Center, ILDM, PTP Nagar, Thiruvananthapuram.

All District Collectors.

The Principal Accountant General (Audit/A&;E) Kerala, Thiruvananthapuram.

Industries Department

Environment Department

Revenue Department

Web and New Media

Stock File/Office Copy.

Forwarded /By order

Digitally signed by Manu S
Date: 13-10-2026 18:57:42

Section Officer

Copy to:• PS to Chief Minister

- PS to Minister (Revenue)
- PS to Minister (Industries)
- Additional Secretary to Chief Secretary

• All Additional Chief Secretaries / Principal Secretaries / Secretaries

ജില്ലാ ദുരന്തനിവാരണ അതോറിറ്റി, ഇടുക്കി
ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം
സിവിൽ സ്റ്റേഷൻ, പൈനാവ് പി.ഒ, കുയിലിമല, പിൻ - **685603**
ഫോൺ : **04862-233111, 233130;** മൊബൈൽ : **9383463036, 7034 447100**
ഇമെയിൽ : **deocidk@gmail.com**

ചെയർപേഴ്സൺ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി &
ജില്ലാ കളക്ടർ, ഇടുക്കിയുടെ നടപടിക്രമം
(ഹാജർ : ഷീബ ജോർജ്ജ് ഐ.എ.എസ്)

വിഷയം :- ഇടുക്കി ജില്ലയിലെ മൂന്നാർ മേഖലയിലെ ഉരുൾപൊട്ടൽ / മണ്ണിടിച്ചിൽ സാധ്യത മേഖലകളിലെ ഓറഞ്ച് / റെഡ് സോണുകളിൽ നിർമ്മാണ നിയന്ത്രണം ഏർപ്പെടുത്തിയത് - സ്ഥിരീകരിച്ച് ഉത്തരവാകുന്നത് -

സൂചന :-
1. ഈ കാര്യാലയത്തിലെ **29/07/2023** ലെ ഇതേ നമ്പർ നടപടിക്രമം.
2. റവന്യൂ (എ) വകുപ്പിന്റെ **01/02/2023** ലെ സ.ഉ (കൈ) നം.**17/2023/RD** നമ്പർ സർക്കാർ ഉത്തരവ്.
3. ബഹു. ഹൈക്കോടതിയുടെ **WP(C) -1801/2010** നമ്പർ കേസിലെ **13/06/2023** ലെ ഉത്തരവ്.
4. ബഹു. ഹൈക്കോടതിയുടെ **WP(C) -1801/2010** നമ്പർ കേസിലെ **20/06/2023** ലെ ഉത്തരവ്.
5. ബഹു. ഹൈക്കോടതിയുടെ **WP(C) -1801/2010** നമ്പർ കേസിലെ **27/06/2023** ലെ ഉത്തരവ്.
6. ബഹു. ഹൈക്കോടതിയുടെ **WP(C) -1801/2010** നമ്പർ കേസിലെ **04/07/2023** ലെ ഉത്തരവ്.
7. ബഹു. ഹൈക്കോടതിയുടെ **WP(C) -1801/2010** നമ്പർ കേസിലെ **21/01/2010** ലെ ഉത്തരവ്.
8. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ **03/07/2023** ൽ ചേർന്ന യോഗം.
9. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ **26/07/2023** ലെ തീയതിയിലെ യോഗം.
10. സംസ്ഥാന / ജില്ലാ ദുരന്ത നിവാരണ പ്ലാൻ.
11. ഹസാർഡ് അനലിസ്റ്റ്, കളക്ടറേറ്റ് ഇടുക്കിയുടെ **21/03/2024** ലെ റിപ്പോർട്ട്.

ഉത്തരവ് നമ്പർ DCIDK/4747/2023-DM3 തീയതി : 11-06-2024

ഇടുക്കി ജില്ലയിലെ പാരിസ്ഥിതിക പ്രാധാന്യമുള്ളതും പരിസ്ഥിതിലോലപ്രദേശവും ഉരുൾപൊട്ടൽ/ മണ്ണിടിച്ചിൽ ദുരന്തസാധ്യത ഏറെയുള്ള പ്രദേശവുമായ മൂന്നാർ മേഖലയിലെ പാരിസ്ഥിതിക സംന്തുലനാവസ്ഥ പരിപാലിക്കുന്നതിനും ടി പ്രദേശത്തെ പരിസ്ഥിതി സൗഹാർദ്ദമല്ലാത്ത നിർമ്മാണങ്ങൾ നിയന്ത്രിക്കുന്നതിനും അനധികൃത കയ്യേറ്റങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതുൾപ്പടെയുള്ള ഭൂപ്രശ്നങ്ങളുമായി ബന്ധപ്പെട്ട് വൺ എർത്ത് വൺ ലൈഫ് (രജി. നം. **5.246/1988**) തൃശൂർ എന്ന സംഘടന ബഹു. ഹൈക്കോടതി മുമ്പാകെ **WP(C) - 1801/2010** നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്. പ്രസ്തുത കേസിലെ **21/01/2010** തീയതിയിലെ ബഹു. ഹൈക്കോടതിയുടെ സൂചന **(7)** ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൂന്നാർ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ നിരാക്ഷേപ പത്രത്തിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകുന്ന വിധത്തിലുള്ള നിർമ്മാണ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൂന്നാർ മേഖലയിൽ ഉൾപ്പെട്ടുവരുന്ന ദേവികുളം താലൂക്കിലെ കെ.ഡി.എച്ച്, ആനവിരട്ടി, പള്ളിവാസൽ, വെള്ളത്തൂവൽ എന്നീ വില്ലേജുകളിലെയും കെ.ഡി.എച്ച് വില്ലേജ് വിഭജിച്ച് രൂപികരിച്ച മൂന്നാർ വില്ലേജ്, ഉടുമ്പഞ്ചോല താലൂക്കിലെ ചിന്നക്കനാൽ, ശാന്തൻപാറ, ബൈസൺവാലി (നിലവിൽ ദേവികുളം താലൂക്കിൽ ഉൾപ്പെടുന്നു) എന്നീ വില്ലേജുകളിലെയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിരാക്ഷേപ സാക്ഷ്യപത്രം നൽകുന്നതിനുള്ള നടപടികൾ റവന്യൂവകുപ്പു മുഖേന സ്വീകരിച്ചു വരുന്നതാണ്. കേരള സർക്കാരിന്റെ സൂചന **(2)** ഉത്തരവിൻറെ അടിസ്ഥാനത്തിൽ ഉടുമ്പഞ്ചോല താലൂക്കിലെ ആനവിലാസം വില്ലേജിനെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിരാക്ഷേപ സാക്ഷ്യപത്രം വേണമെന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്.

ബഹു. ഹൈക്കോടതി **13/06/2023, 20/06/2023** തീയതികളിൽ ഈ കേസ് പരിഗണിക്കുകയും മൂന്നാർ മേഖലയിലെ **13** ഗ്രാമപഞ്ചായത്തുകളെ **WP(C) - 1801/2010** നമ്പർ കേസിൽ **13** മുതൽ **25** വരെ എതിർകക്ഷികളാക്കി കക്ഷി ചേർക്കുകയും പ്രസ്തുത **13** ഗ്രാമപഞ്ചായത്തുകളിലെ **3** നിലകളിലധികം വരുന്ന കെട്ടിട നിർമ്മാണങ്ങൾക്ക് അനുമതി നൽകുന്നതിന് നിരോധനം ഏർപ്പെടുത്തി സൂചന **(3, 4)** എന്നിവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

ടി കേസ് തുടർന്ന് **27/06/2023** ൽ പരിഗണിച്ച അവസരത്തിൽ ഇത്തരം കെട്ടിട നിർമ്മാണങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ദുരന്ത നിവാരണ നിയമപ്രകാരം ജില്ലാ കളക്ടർ സ്വീകരിക്കണമെന്നും സൂചന **(5)** പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

ബഹു. ഹൈക്കോടതിയുടെ **13/06/2023, 20/06/2023, 27/06/2023** തീയതികളിലെ സൂചന **(3, 4, 5)** ഉത്തരവുകൾ പ്രകാരം **3** നിലകളിലധികം

വരുന്ന കെട്ടിട നിർമ്മാണങ്ങൾക്ക് നിലവിൽ ബഹു. ഹൈക്കോടതിയുടെ ഉത്തരവിൻപ്രകാരം നിർമ്മാണ നിരോധനം ബാധകമായിട്ടുള്ളതും നിർമ്മാണ പ്രവർത്തനങ്ങൾ ദുരന്ത നിവാരണ നിയമപ്രകാരം നിയന്ത്രണമേർപ്പെടുത്തണമെന്നും നിർദേശിച്ചതും, **WP(C) - 1801/2010** നമ്പർ കേസിൽ **13** മുതൽ **25** വരെ എതിർകക്ഷികളാക്കി കക്ഷി ചേർത്തിട്ടുള്ളതുമായ **13** ഗ്രാമപഞ്ചായത്തുകൾ താഴെ പറയുന്നവയാണ്.

ക്രമ നം.	ബഹു. ഹൈക്കോടതിയുടെ ഉത്തരവുകൾ പ്രകാരം **03** നിലകളിലധികം വരുന്ന കെട്ടിട നിർമ്മാണങ്ങൾക്ക് നിരോധനം ബാധകമായിട്ടുള്ള ഗ്രാമപഞ്ചായത്തുകൾ
1.	മൂന്നാർ ഗ്രാമപഞ്ചായത്ത്.
2.	വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത്.
3.	പള്ളിവാസൽ ഗ്രാമപഞ്ചായത്ത്.
4.	ദേവികുളം ഗ്രാമപഞ്ചായത്ത്.
5.	ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത്.
6.	ബൈസൺവാലി ഗ്രാമപഞ്ചായത്ത്.
7.	ശാന്തൻപാറ ഗ്രാമപഞ്ചായത്ത്.
8.	ഉടുമ്പഞ്ചോല ഗ്രാമപഞ്ചായത്ത്.
9.	മാങ്കുളം ഗ്രാമപഞ്ചായത്ത്.
10.	മറയൂർ ഗ്രാമപഞ്ചായത്ത്.
11.	ഇടമലക്കുടി ഗ്രാമപഞ്ചായത്ത്.
12.	കാന്തല്ലൂർ ഗ്രാമപഞ്ചായത്ത്.
13.	വട്ടവട ഗ്രാമപഞ്ചായത്ത്.

ബഹു. ഹൈക്കോടതിയുടെ ഉത്തരവിൻപ്രകാരം മൂന്നാർ മേഖലയിലെ നിർമ്മാണ നിയന്ത്രണങ്ങൾക്കാവശ്യമായ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി സബ് കളക്ടർ, ഇടുക്കി/ ദേവികുളം, ജോയിന്റ് ഡയറക്ടർ, എൽ.എസ്.ജി.ഡി, ഇടുക്കി, ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ, ജിയോളജിസ്റ്റ്, ഹസാർഡ് അനലിസ്റ്റ്, **DEOC**, അഡീ. ജില്ലാ മജിസ്ട്രേറ്റ്, ഡെപ്യൂട്ടി കളക്ടർ (എൽ.ആർ) എന്നിവരുൾപ്പെട്ട യോഗം **03/07/2023** ൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേരുകയും ടി വിഷയം വിശദമായി ചർച്ച ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. നിലവിൽ കെട്ടിട നിർമ്മാണങ്ങൾക്ക് റവന്യൂ വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് നടപടികൾ സ്വീകരിക്കുന്നതെന്ന് യോഗം വിലയിരുത്തുകയും ദുരന്തസാധ്യതാ മേഖലകളിൽ കെട്ടിട നിർമ്മാണങ്ങൾക്ക് പെർമിറ്റ് നൽകുന്നതിന് മുമ്പ് സംയുക്ത പരിശോധന നടത്തുന്നതിന് ടീം രൂപികരിക്കുന്നതിനും ടി വിഷയത്തിൽ മേൽ പരിശോധന നടത്തുന്നതിനും

ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനുമായി ജില്ലാതല സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ബഹു. ഹൈക്കോടതിയുടെ ഉത്തരവിൻ്റെ അടിസ്ഥാനത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും നിർമ്മാണ നിയന്ത്രണങ്ങൾ സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുള്ളതുമാണ്.

തുടർന്ന് ടി കേസ് ബഹു. ഹൈക്കോടതി **04/07/2023** ൽ പരിഗണിക്കുകയും വയനാട് ജില്ലയിലെ ദുരന്തസാധ്യതാ മേഖലകളിലെ/പ്രദേശങ്ങളിലെ നിർമ്മാണപ്രവർത്തനങ്ങൾക്ക് വയനാട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി **30/06/2015** ൽ **2014/21178/12/H3** നമ്പർ ഉത്തരവ് പ്രകാരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത് ബഹു. ഹൈക്കോടതി ചൂണ്ടിക്കാണിക്കുകയും ആയത് പ്രകാരമുള്ള നടപടികൾ ഇടുക്കി ജില്ലയിൽ സ്വീകരിച്ചിട്ടില്ലാത്തതാണെന്ന് വ്യക്തമാക്കിക്കൊണ്ട് ഇടുക്കി ജില്ലയിലെ ദുരന്തസാധ്യതാ പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അടിയന്തിരമായി സ്വീകരിക്കണമെന്ന് നിർദേശം നൽകി ബഹു. ഹൈക്കോടതി **WP(C)-1801/2010** നമ്പർ കേസിലെ **04/07/2023** തീയതിയിൽ സൂചന **(6)** പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

ബഹു. ഹൈക്കോടതിയുടെ **WP(C)-1801/2010** നമ്പർ കേസിലെ **04/07/2023** തീയതിയിലെ സൂചന **(6)** ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം ജില്ലയിലെ ടി വിഷയവുമായി ബന്ധപ്പെട്ട **13** തദ്ദേശ സ്ഥാപനങ്ങളിലെ പ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുത്ത **26/07/2023** ൽ ചേർന്ന ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയോഗം (സൂചന **9** പ്രകാരമുള്ള യോഗം) ചർച്ചചെയ്തിട്ടുള്ളതാണ്.

സംസ്ഥാന ദുരന്ത നിവാരണ പ്ലാൻ **2015** പ്രകാരവും ജില്ലാ ദുരന്ത നിവാരണ പ്ലാൻ **2015** പ്രകാരവും ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യത മേഖലകളെ ദുരന്ത സാധ്യതകളുടെ തീവ്രത അനുസരിച്ച് റെഡ് (ഓറഞ്ച് **(Medium)** സോണുകളായി തിരിച്ചിട്ടുള്ളതാണ്.

പ്രസ്തുത സാഹചര്യങ്ങൾ പരിഗണിച്ചത് മേൽ വിവരിച്ചതുപ്രകാരമുള്ള ബഹു.ഹൈക്കോടതിയുടെ **WP(C) 1801/2010** നമ്പർ കേസിലെ **13/06/2023, 20/06/2023, 27/06/2023, 04/07/2023** തീയതികളിലെ ഉത്തരവിന്റെ അടിസ്ഥാനത്തിലും ഇടുക്കി ജില്ലയിലെ അതീവ പരിസ്ഥിതിലോല പ്രദേശവും പശ്ചിമഘട്ട മലനിരകളുടെ ഭാഗമായും സ്ഥിതി ചെയ്യുന്ന പ്രദേശവും ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ തുടങ്ങിയ ദുരന്തസാധ്യത ഏറെയുള്ള പ്രദേശവുമായ മൂന്നാർ മേഖലയുടെ സംരക്ഷണത്തിനും പാരിസ്ഥിതിക സന്തുലനാവസ്ഥ നിലനിർത്തുന്നതിനും ടി പ്രദേശത്തെ ജനങ്ങളുടെ ജീവനും

സ്വത്തിനും സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി ഇടുക്കി ജില്ലയിലെ മൂന്നാർ പ്രദേശത്തെ **13** ഗ്രാമപഞ്ചായത്തുകളിലെ ഉരുൾപൊട്ടൽ / മണ്ണിടിച്ചിൽ സാധ്യതാ ലിസ്റ്റിൽ റെഡ്/ഓറഞ്ച് സോണുകളിൽ ഉൾപ്പെടുന്ന മേഖലകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ദുരന്ത നിവാരണ നിയമം **2005** ന്റെ അടിസ്ഥാനത്തിൽ സുചന **(1)** പ്രകാരം ഉത്തരവായിരുന്നതാണ്.

പ്രസ്തുത നടപടിക്രമപ്രകാരം, ബഹു. ഹൈക്കോടതിയുടെ **WP(C)- 1801/2010** നമ്പർ കേസിലെ **04/07/2023** ലെ ഉത്തരവ് അടിസ്ഥാനത്തിൽ ടി പ്രദേശത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് **IS CODE (India Standard Code of Practice for Design, Construction of foundation in soils, General requirements issued by BIS-1987)** അനുസരിച്ച് നിയന്ത്രിക്കണമെന്ന് നിർദേശിച്ചിട്ടുള്ളതിനാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ദുരന്ത നിവാരണ പ്ലാനും **IS Code** ഉം പരിശോധിച്ച് ഓരോ മേഖലയിലും നിർമ്മാണ പ്രവർത്തനങ്ങൾ ഏതു രീതിയിൽ വേണമെന്നത് സംബന്ധിച്ച് ജനപ്രതിനിധികളുടെയും പൊതുജനങ്ങളുടെയും അഭിപ്രായം സ്വരൂപിച്ച് എല്ലാ തദ്ദേശസ്ഥാപനങ്ങളിലെ സെക്രട്ടറിമാരും **30** ദിവസത്തിനകം ജില്ലാ ദുരന്തനിവാരണ അതോറിറ്റി മുമ്പാകെ വ്യക്തമായ ശുപാർശ സഹിതമുള്ള റിപ്പോർട് സമർപ്പിക്കുന്നതിന് മൂന്നാർ മേഖലയിലെ **13** ഗ്രാമപഞ്ചായത്തുകൾക്ക് നിർദേശം നൽകിയിരുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ ഗ്രാമപഞ്ചായത്തുകൾ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത റിപ്പോർട്ടുകളുടെ സംക്ഷിപ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ശാന്തൻപാറ ഗ്രാമപഞ്ചായത്ത് - റെഡ് സോൺ മേഖലകൾ ഏർപ്പെടുത്തുന്നതിന് ആവശ്യമായ ശാസ്ത്രീയ പഠനം നടത്തിയതിന് ശേഷം മാത്രമേ നടപടികൾ സ്വീകരിക്കാൻ പാടുള്ളൂ.
2. പള്ളിവാസൽ ഗ്രാമപഞ്ചായത്ത് - റെഡ് സോൺ മേഖലകൾ ഏർപ്പെടുത്തുന്നതിന് ആവശ്യമായ ശാസ്ത്രീയ പഠനം നടത്തിയതിന് ശേഷം മാത്രമേ നടപടികൾ സ്വീകരിക്കാൻ പാടുള്ളൂ.
3. മാങ്കുളം ഗ്രാമപഞ്ചായത്ത് - ജനവാസ മേഖലകൾ റെഡ് സോണിൽ ഉൾപ്പെട്ട് വരുന്നു.
4. ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് - ജനവാസ മേഖലകൾ റെഡ് സോണിൽ ഉൾപ്പെട്ട് വരുന്നു ആയത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. മറയൂർ ഗ്രാമപഞ്ചായത്ത് - റെഡ് സോൺ ഒഴികെയുള്ള പ്രദേശത്തെ

നിർമ്മാണ നിയന്ത്രണം ഒഴിവാക്കണം.

6. മൂന്നാർ ഗ്രാമപഞ്ചായത്ത് - ശാസ്ത്രീയ പരിശോധനയുടെ അടിസ്ഥാനത്തിൽ റെഡ് സോൺ നിർണ്ണയിക്കണം.
7. ബൈസൺ വാലി ഗ്രാമപഞ്ചായത്ത് - ടി വിഷയത്തിൽ ചേർന്ന സർവകക്ഷി യോഗത്തിന്റെ മിനുട്സാണ് സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത യോഗം ടി മേഖലയിലെ ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനോ പൊതുജനാഭിപ്രായം രൂപികരിക്കുന്നതിനോ സാധിക്കാത്തതിനാൽ പ്രസ്തുത ഉത്തരവ് മരവിപ്പണമെന്നും ആവശ്യമായ ബോധവൽക്കരണം ഉൾപ്പടെയുള്ള നടപടികൾ സ്വീകരിച്ചതിന് ശേഷം തുടർനടപടികൾ സ്വീകരിക്കണമെന്നും തീരുമാനമെടുത്തിട്ടുള്ളതാണ്.
8. ഉടുമ്പഞ്ചോല ഗ്രാമപഞ്ചായത്ത് - ഉടുമ്പഞ്ചോല ഗ്രാമപഞ്ചായത്ത് മൂന്നാർ പ്രദേശത്തല്ല സ്ഥിതി ചെയ്യുന്നത്. റെഡ്/ഓറഞ്ച് സോണുകൾ തിരിക്കുന്നതിൽ ശാസ്ത്രീയ പഠനം ആവശ്യമാണ്.
9. ദേവികുളം ഗ്രാമപഞ്ചായത്ത് - ടി വിഷയത്തിൽ ചേർന്ന യോഗത്തിന്റെ മിനുട്സാണ് സമർപ്പിച്ചിട്ടുള്ളത്. ആയതു പ്രകാരം റെഡ്/ഓറഞ്ച് സോൺ തിരിച്ചിട്ടുള്ളത് പുനപരിശോധിക്കണമെന്നും മൂന്നാർ പ്രദേശവാസിക്ക് മറ്റൊരിടത്ത് വീടുണ്ടെങ്കിൽ സ്വന്തം സ്ഥലത്ത് വീട് നിർമ്മിക്കാൻ സാധിക്കില്ലായെന്നുള്ളത് അനീതിയാണെന്നും അഭിപ്രായമുയർന്നിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിനെതിരെ യോഗത്തിൽ പങ്കെടുത്ത എല്ലാവരും ഏതിർപ്പ് പ്രകടിപ്പിച്ചിട്ടുള്ളതുമാണ്.
10. വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് - ടി ഗ്രാമപഞ്ചായത്ത് പ്രദേശം മൂന്നാർ മേഖലയിലെ ഭൂപ്രകൃതിയിൽ നിന്നും വ്യത്യസ്തമാണെന്നും ആയതിനാൽ നിയന്ത്രണങ്ങൾ ആവശ്യമില്ലാത്തതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

പൊതുജനാഭിപ്രായങ്ങൾ സ്വരുപിച്ച് മേൽ വിവരിച്ചത് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമർപ്പിച്ച റിപ്പോർട്ടുകൾ പരിശോധിച്ചതിൽ ഓറഞ്ച് / റെഡ് സോണുകൾ നിർണ്ണയിച്ചിട്ടുള്ളത് ശാസ്ത്രീയമല്ലായെന്നും ആയതിനാൽ പുന:പരിശോധിക്കണമെന്നും പൊതുവായ അഭിപ്രായമുള്ളതായി കാണുന്നു. ആയതിനാൽ ടി വിഷയം സംബന്ധിച്ച് കെ.എസ്.ഡി.എം.എയിൽ നിന്നും കൂടിയുള്ള വിവരം ശേഖരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഇടുക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിലെ ഹസാർഡ് അനലിസ്റ്റിന് നിർദേശം

നൽകിയതിന്റെ അടിസ്ഥാനത്തിൽ സൂചന(11) പ്രകാരം ഹസാർഡ് അനലിസ്റ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത റിപ്പോർട്ട് പ്രകാരം ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ് അനുസരിച്ചാണ് ഉരുൾപൊട്ടൽ സാധ്യത പ്രദേശങ്ങളുടെ ഭൂപടങ്ങൾ തയ്യാറാക്കിയിട്ടുള്ളതെന്നും ശാസ്ത്രീയവും സാങ്കേതികപരമായിട്ടാണ് ഇത്തരത്തിലുള്ള ഭൂപടങ്ങൾ തയ്യാറാക്കിയിട്ടുള്ളതെന്നും കൂടാതെ ആധുനിക ഭൂമിശാസ്ത്രത്തിന്റെ നൂതന സങ്കേതങ്ങളായിട്ടുള്ള ഭൂവിവരവ്യവസ്ഥ **(GIS)** വിദൂര സംവേദനം **(Remote Sensing)** തുടങ്ങിയ സാങ്കേതികവിദ്യകളും ഈ ഭൂപടങ്ങൾ തയ്യാറാക്കുന്നതിന് ഉപയോഗിച്ചിട്ടുള്ളതാണെന്നും ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്-ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സ്ലോപ്പ്, ലിത്തോളജി, സ്ട്രക്ച്ചർ, റിലേറ്റീവ് റിലീഫ്, ലാന്റ് യൂസ്/ ലാന്റ് കവർ, ഹൈഡ്രോളജിക്കൽ കണ്ടിഷൻ തുടങ്ങിയ വിവിധ പാരാമീറ്ററുകളുടെയും അടിസ്ഥാനത്തിലാണ് ഈ ഭൂപടങ്ങൾ തയ്യാറാക്കിയിട്ടുള്ളതെന്നും ഇത്തരത്തിൽ ശാസ്ത്രീയ അടിത്തറയുള്ളതിനാലാണ് **2010** ൽ കേന്ദ്രഭൌമശാസ്ത്ര പഠന കേന്ദ്രം **(NCESS)** പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഭൂപടങ്ങൾ **2016** ലെ സംസ്ഥാന - ജില്ലാ ദുരന്ത നിവാരണ പ്ലാനുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ഉരുൾപൊട്ടൽ സാധ്യത ലിസ്റ്റിൽ ഓറഞ്ച്/ റെഡ് സോണുകൾ തിരിച്ചിളളത് തികച്ചും ശാസ്ത്രീയ പരിശോധനകളുടെ അടിസ്ഥാനത്തിലാണ്.

ഈ സാഹചര്യത്തിൽ ബഹു.ഹൈക്കോടതിയുടെ **WP(C) 1801/2010** നമ്പർ കേസിലെ **13/06/2023, 20/06/2023, 27/06/2023, 04/07/2023** തീയതികളിലെ ഉത്തരവിന്റെ അടിസ്ഥാനത്തിലും ഇടുക്കി ജില്ലയിലെ അതീവ പരിസ്ഥിതിലോല പ്രദേശവും പശ്ചിമഘട്ട മലനിരകളുടെ ഭാഗമായി സ്ഥിതി ചെയ്യുന്ന പ്രദേശവും ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ തുടങ്ങിയ ദുരന്തസാധ്യത ഏറെയുള്ള പ്രദേശവുമായ മൂന്നാർ മേഖലയുടെ സംരക്ഷണത്തിനും പാരിസ്ഥിതിക സന്തുലനാവസ്ഥ നിലനിർത്തുന്നതിനും ടി പ്രദേശത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി ഇടുക്കി ജില്ലയിലെ മൂന്നാർ പ്രദേശത്തെ **13** ഗ്രാമപഞ്ചായത്തുകളിലെ ഉരുൾപൊട്ടൽ / മണ്ണിടിച്ചിൽ സാധ്യതാ ലിസ്റ്റിൽ റെഡ്/ഓറഞ്ച് സോണുകളിൽ ഉൾപ്പെടുന്ന മേഖലകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ദുരന്ത നിവാരണ നിയമം **2005** ന്റെ അടിസ്ഥാനത്തിൽ, സൂചന **(1)** പ്രകാരമുള്ള ഉത്തരവിലെ വ്യവസ്ഥകളിൽ " ടി പ്രദേശത്തെ റെഡ് സോണിൽ ഉൾപ്പെട്ട സ്ഥലങ്ങളിൽ താമസാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് മറ്റ് സ്ഥലങ്ങളിൽ വീടുകൾ ഇല്ലാത്തവർക്ക് മാത്രമേ കെട്ടിട നിർമ്മാണ അനുമതി നൽകാൻ പാടുള്ളു" എന്ന നിബന്ധന ഒഴിവാക്കി മൂന്നാർ പ്രദേശത്തെ **13** ഗ്രാമപഞ്ചായത്തുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയ സൂചന **(1)** നടപടിക്രമം സ്ഥിരീകരിച്ച് അന്തിമമാക്കി ദുരന്ത നിവാരണ നിയമം **-2005** പ്രകാരം ഇതിനാൽ ഉത്തരവാകുന്നു.

- മൂന്നാർ പ്രദേശത്തെ 13 ഗ്രാമപഞ്ചായത്തുകളിൽ (ഗ്രാമപഞ്ചായത്തുകളുടെ വിവരങ്ങൾ മുകളിൽ ചേർത്തിട്ടുള്ളതാണ്) ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതാ ലിസ്റ്റിൽ റെഡ് സോണിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ഒരു നില കെട്ടിടത്തിന് (പരമാവധി 150 M^2 വിസ്തീർണ്ണം വരെ) മാത്രമേ നിർമ്മാണ അനുമതി നൽകാൻ പാടുള്ളു.
- പ്രസ്തുത പ്രദേശത്തെ റെഡ് സോണിൽ ഉൾപ്പെട്ട എല്ലാ നിർമ്മിതികൾക്കും അനുമതി നൽകുന്ന വേളയിൽ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ എഞ്ചിനിയറിംഗ് വിഭാഗം പരിശോധന നടത്തി ആവശ്യമായ സുരക്ഷാ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- ടി പ്രദേശത്തെ ഉരുൾപൊട്ടൽ സാധ്യതാ ലിസ്റ്റിൽ റെഡ് സോണിൽ ഉൾപ്പെട്ടുവരുന്ന സ്ഥലങ്ങളിൽ എല്ലാവിധ ക്വാറിയിംഗ് പ്രവർത്തനങ്ങൾക്കും പൂർണ്ണമായ നിരോധനമേർപ്പെടുത്തുന്നു.
- ടി പ്രദേശത്തെ ഉരുൾപൊട്ടൽ സാധ്യതാ ലിസ്റ്റിൽ ഓറഞ്ച് സോണിൽ ഉൾപ്പെട്ടുവരുന്ന സ്ഥലങ്ങളിലുള്ള എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ എഞ്ചിനിയറിംഗ് വിഭാഗം സ്ഥലപരിശോധന നടത്തി ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യത ഇല്ലായെന്നും/ ആയത് ഒഴിവാക്കുന്നതിനാവശ്യമായ നിർമ്മിതികൾ നടത്തുന്നുണ്ടെന്നും ഉറപ്പു വരുത്തി പരമാവധി മൂന്ന് നിലകളുള്ള കെട്ടിടങ്ങൾക്ക് മാത്രമേ അനുമതി നൽകാൻ പാടുള്ളൂ.
- ഇത്തരത്തിൽ നിർമ്മാണനുമതി നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ കൂടുതൽ പരിശോധനകൾ ആവശ്യമായി കാണുന്ന അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ ജില്ലാ ജിയോളജിസ്റ്റിന്റെ സേവനം വിനിയോഗിക്കേണ്ടതാണ്. ആയതിന് ശേഷവും ടി വിഷയത്തിൽ പരിശോധനകൾ ആവശ്യമുള്ളതായി കാണുന്ന പക്ഷം ജില്ലാ ദുരന്തനിവാരണ അതോറിറ്റി രൂപീകരിക്കുന്ന ജില്ലാ തല വിദഗ്ധ സമിതിയുടെ പരിശോധനക്കായി പ്രസ്തുത അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

- ഈ ഉത്തരവിനു വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ ദുരന്ത നിവാരണ നിയമം -2005 അദ്ധ്യായം X പ്രകാരമുള്ള ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

- ബഹു. ഹൈക്കോടതിയുടെ **WP(C)- 1801/2010** നമ്പർ കേസിലെ **04/07/2023** ലെ ഉത്തരവ് പ്രകാരം ടി പ്രദേശത്തെ ഓറഞ്ച് / റെഡ് സോൺ മേഖലകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് **IS CODE (India Standard Code of Practice for Design, Construction of foundation in soils, General requirements issued by BIS-1987)** അനുസരിച്ചുള്ള നിലവാരമുണ്ടെന്ന് ഉറപ്പ് വരുത്തി മാത്രമേ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾ/മറ്റ് അതോറിറ്റികൾ നിർമ്മാണ അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ പാടുള്ളു.
- ബഹു. ഹൈക്കോടതിയുടെ **WP(C)-1801/2010** നമ്പർ കേസിൽ പരാമർശിച്ചിട്ടുള്ള മൂന്നാർ പ്രദേശത്തെ **13** ഗ്രാമപഞ്ചായത്തുകൾക്ക് മേൽ ഉത്തരവ് ബാധകമായിരിക്കും. (ഗ്രാമപഞ്ചായത്തുകളുടെ വിവരങ്ങൾ മുകളിൽ ചേർത്തിട്ടുള്ളതാണ്.)

ഇപ്രകാരം സൂചന **(1)** ഉത്തരവിന് സ്ഥിരികരണം നൽകിയിട്ടുള്ളതാണ്.

Signed by
Sheeba George
Date: 11-06-2024 15:47:12

ചെയർപേഴ്സൺ,
ജില്ലാ ദുരന്തനിവാരണ അതോറിറ്റി &
ജില്ലാ കളക്ടർ, ഇടുക്കി

സ്വീകർത്താക്കൾ

1. മേൽ വിവരിച്ച **13** തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിമാർക്കും (ജോയിന്റ് ഡയറക്ടർ, തദ്ദേശ ഭരണ വകുപ്പ് മുഖേന)

പകർപ്പ് :

1. പ്രിൻസിപ്പൽ സെക്രട്ടറി ദുരന്ത നിവാരണവകുപ്പ് , തിരുവനന്തപുരം (ആമുഖ

Generated from eOffice by Dr. Aparna Wilson P K A S, US(A) DMD, US (A) DMD , Disaster Management Department on 13/10/2026 02

കത്ത് സഹിതം)

2. കമ്മിഷണർ, ദുരന്തനിവാരണം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3. മെമ്പർ സെക്രട്ടറി, **KSDMA**, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. സബ് കളക്ടർ, ഇടുക്കി / ദേവികുളം.
5. തഹസിൽദാർ, ഉടുമ്പഞ്ചോല/ ദേവികുളം.
6. ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്
7. ബന്ധപ്പെട്ട വില്ലേജ് ആഫീസർമാർക്ക് (തഹസിൽദാർമാർ മുഖേന)
8. നഗരാസൂത്രകൻ, ഇടുക്കി.
9. ജിയോളജിസ്റ്റ്, ഇടുക്കി.
10. സ്പെഷ്യൽ തഹസിൽദാർ, മൂന്നാർ സ്പെഷ്യൽ ഓഫീസ്, മൂന്നാർ.
11. ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ, ഇടുക്കി.
12. ഡെപ്യൂട്ടി കളക്ടർ , എൽ.ആർ / എൽ.എ മൂന്നാർ, കളക്ടറേറ്റ്, ഇടുക്കി.
13. സി4 സെക്ഷൻ, കളക്ടറേറ്റ്, ഇടുക്കി.

***This is a digitally signed document and does not require signature in ink.**

Annexure 24: ലാൻഡ്സ്ലയിഡ് സാധ്യതാ മേഖലകളിലെ ഖനന പ്രവർത്തനങ്ങളുടെ ദുരന്തസാധ്യതാ വിലയിരുത്തലിനും, ലഘൂകരണത്തിനുമായുള്ള മാർഗ്ഗരേഖ, 2026

1. ആമുഖം

കേരളത്തിലെ പശ്ചിമഘട്ട പ്രദേശങ്ങളും മലനിരകളും ശക്തമായ മഴ, കുത്തനെയുള്ള ചരിവുകൾ, സങ്കീർണ്ണമായ ഭൗമശാസ്ത്ര സവിശേഷതകൾ എന്നിവ കാരണം മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, ശിലാപതനം, മണ്ണൊലിപ്പ് തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾക്ക് കൂടുതൽ സാധ്യതയുള്ള പ്രദേശങ്ങളാണ്. ഇത്തരം പ്രദേശങ്ങളിൽ ഖനന പ്രവർത്തനങ്ങൾ നടത്തുമ്പോൾ ചരിവുകളുടെ സ്ഥിരത, ജലപ്രവാഹ സംവിധാനം, ഭൂഗർഭജല ലഭ്യത, പരിസ്ഥിതി സമതുലിതാവസ്ഥ എന്നിവയെ ബാധിക്കാനുള്ള സാധ്യതയുണ്ട്. അതിനാൽ, ഇത്തരം പ്രവർത്തനങ്ങൾ ശാസ്ത്രീയ പഠനങ്ങൾ അടിസ്ഥാനമാക്കിയുള്ള വിശദമായ വിലയിരുത്തലുകൽ നടത്തിയ ശേഷമേ അനുവദിക്കാവൂ.

സംസ്ഥാനത്തിന്റെ വികസനത്തിനും നിർമ്മാണ മേഖലയ്ക്കും ആവശ്യമായ ധാതു വിഭവങ്ങൾ ലഭ്യമാക്കുന്നതിൽ ഖനന പ്രവർത്തനങ്ങൾക്ക് പ്രധാന പങ്കുണ്ട്. എന്നാൽ, ദുരന്തസാധ്യതയുള്ള പ്രദേശങ്ങളിലെ ഖനന പ്രവർത്തനങ്ങൾ പൊതുജനങ്ങളുടെ ജീവനും, റോഡുകൾ, കെട്ടിടങ്ങൾ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾക്കും അപകടസാധ്യത സൃഷ്ടിക്കാതിരിക്കാൻ ആവശ്യമായ ശാസ്ത്രീയ പഠനങ്ങൾ, ദുരന്തസാധ്യതാ വിലയിരുത്തലുകൾ, സാങ്കേതിക പരിശോധനകൾ, സുരക്ഷാ മാനദണ്ഡങ്ങൾ, തുടർച്ചയായ നിരീക്ഷണ സംവിധാനങ്ങൾ എന്നിവ നിർബന്ധമായും നടപ്പിലാക്കേണ്ടതാണ്.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വർഷികമായി പ്രസിദ്ധീകരിക്കുന്ന ഓറഞ്ച് ബുക്കിൽ ഉൾപ്പെടുത്തുകയും, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ള ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ (GSI) തയ്യാറാക്കിയ Landslide Susceptibility Zonation Maps അപകടസാധ്യതാ മേഖലകൾ തിരിച്ചറിയുന്നതിനുള്ള പ്രാഥമിക വിലയിരുത്തലിന് വിനിയോഗിക്കാം. എന്നിരുന്നാലും, സ്ഥലസൂക്ഷ്മമായി ഒരു സ്ഥലത്തിന്റെ യഥാർത്ഥ

മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ സാധ്യതയോ, ഖനന പ്രവർത്തനങ്ങൾ മൂലം മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ സാധ്യത ഗണ്യമായി വർദ്ധിക്കുമോ ഇല്ലയോ എന്നതും നിർണ്ണയിക്കുന്നതിന് ഈ ഭൂപടങ്ങൾ മാത്രം പര്യാപ്തമല്ല.

സംസ്ഥാന ദുരന്ത നിവാരണ പ്ലാൻ 2016ലെ സെക്ഷൻ 3.21.1ൽ ഹൈ ഹസാർഡ് സോണിൽ പാറ ഖനനത്തിന് quarry blasting നടത്തുന്നതിന് ആണ് തടസം ഉണ്ടായിരുന്നത്. എന്നാൽ 2019 മുതൽ കേരളത്തിൽ nonel blasting എന്ന ആധുനിക സാങ്കേതിക വിദ്യയിൽ പാറ ഖനനം നടത്തുന്നത് നിഷ്കർഷിച്ച് വരുന്നു. ഈ മാറ്റം പരിഗണിച്ച് ബഹു. ഹൈകോടതി WP (C) No. 19044/2020 dated 16-3-2022 എന്ന കേസിൽ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ദുരന്ത നിവാരണ നിയമം 2005 സെക്ഷൻ 17 അനുസരിച്ച് രൂപീകരിച്ച ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ ഉപദേശക സമിതിയുടെ ശാസ്ത്രീയ സ്ഥല പരിശോധനാ ഫലവും, അഭിപ്രായവും പരിഗണിച്ച് ഹൈ ഹസാർഡ് സോണിൽ ഖനനാനുമതി നല്കുകയും, ഈ ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവ് GO (Rt) No. 388/2022/DMD dated 28-4-2022 പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതേ രീതി WP (C) No. 39510/2023 dated 24-1-2024ലും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അവലംബിച്ചിട്ടുണ്ട്.

Site Specific Slope Stability Assessment, Vibration Studies എന്നീ സ്ഥല സവിശേഷ പഠനങ്ങൾ നടത്തി, ഈ പഠനങ്ങളുടെ ശുപാർശ കൂടി പരിഗണിച്ച് Mining Plan തയ്യാറാക്കി അന്തിമ അനുമതി നല്കുന്നത് ഖനന മേഖലയുടെ പുറത്ത്, ഖനനം മൂലം വർദ്ധിക്കാവുന്ന ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ ദുരന്ത സാധ്യത ഗണ്യമായി കുറയ്ക്കുവാൻ സഹായിക്കും.

അതിനാൽ അന്തിമ തീരുമാനങ്ങൾ സ്ഥലാധിഷ്ഠിത Slope Stability Assessment, Blast Vibration Assessment തുടങ്ങിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ആയിരിക്കണം.

ലാൻഡ്സ്ലയിഡ് സാധ്യതാ മേഖലകളിലെ ഖനന പ്രവർത്തനങ്ങളുടെ നിയന്ത്രണം, നിരോധനാധിഷ്ഠിത സമീപനത്തിൽ ഊന്നുന്നതിന് പകരം, ശാസ്ത്രീയ ദുരന്ത സാധ്യതാ ലഘൂകരണം,

പൊതുസുരക്ഷ, നിരന്തര നിരീക്ഷണം, വിവിധ സ്ഥാപനങ്ങളുടെ ഏകോപനം എന്നിവയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനാണ് ഈ മാർഗ്ഗരേഖ പ്രസിദ്ധീകരിക്കുന്നത്.

2. ലക്ഷ്യങ്ങൾ

ഈ മാർഗ്ഗരേഖയുടെ പ്രധാന ലക്ഷ്യങ്ങൾ:

i. ലാൻഡ്സ്ലയിഡ് സാധ്യതാ മേഖലകളിൽ ഖനന പ്രവർത്തനങ്ങൾ അനുവദിക്കുന്ന പ്രക്രിയയിൽ ദുരന്ത സാധ്യതാ പഠനങ്ങൾ മുഖ്യധാരാവൽക്കരിക്കുന്നതിനുള്ള നടപടിക്രമം നിർവചിക്കുക.

ii. ദുരന്ത സാധ്യതാ പരിശോധന റിപ്പോർട്ട്കളിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഖനനം നടത്തുവാൻ അനുവദിക്കാമോ ഇല്ലയോ എന്ന തീരുമാനം കൈക്കൊള്ളുന്നതിനുള്ള ഭരണപരമായ സംവിധാനം നിർണ്ണയിക്കുക.

3. നിയമപരമായ പ്രാബല്യം

i. ദുരന്ത നിവാരണ നിയമം, 2005, സെക്ഷൻ 18 (2) (d): Lay down guidelines to be followed by the departments of the Government of the State for the purposes of integration of measures for prevention of disasters and mitigation in their development plans and projects and provide necessary technical assistance therefor

ii. ദുരന്ത നിവാരണ നിയമം, 2005, സെക്ഷൻ 22 (2) (b): Examine the vulnerability of different parts of the State to different forms of disasters and specify measures to be taken for their prevention or mitigation

iii. ദുരന്ത നിവാരണ നിയമം, 2005, സെക്ഷൻ 22 (2) (e): Monitor the implementation of the guidelines laid down by the State Authority for integrating of measures for prevention of disasters and mitigation by the departments in their development plans and projects

iv. ദുരന്ത നിവാരണ നിയമം, 2005, സെക്ഷൻ 22 (2) (k): Provide necessary technical assistance or give advice to District Authorities and local authorities for carrying out their functions effectively

v. ദുരന്ത നിവാരണ നിയമം, 2005, സെക്ഷൻ 72: Act to have overriding effect - The provisions of this Act, shall have effect, notwithstanding anything inconsistent therewith contained in any other law for the time being in force or in any instrument having effect by virtue of any law other than this Act

vi. Suresh Kumar S. v. Union of India, 2022 KHC 5595: 2022 (6) KLT 867, W.A. No. 1643 of 2021:

a) Paragraph 52: In our considered opinion, S.72 of the Act 2005 has two limbs. The first one dealing with the existing law and the second limb dealing with any instrument having effect by virtue of any law other than the Act meaning thereby that it takes in any future laws made by the Union Government or the State Government.

b) Paragraph 65: S.72 takes in not only the existing laws as on the date of introduction of Act 2005, but all subsequent notifications laws etc. by virtue of the second limb contained thereunder.

vii. Order of Hon'ble High Court of Kerala in WP (C) No. 19044/2020 dated 16-3-2022

viii. Order of Hon'ble High Court of Kerala in WP (C) No. 39510/2023 dated 24-1-2024

4. മാർഗ്ഗരേഖ ബാധകമായ പ്രദേശം

i. ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ (GSI) പ്രസിദ്ധീകരിച്ച Landslide Susceptibility Zonation (LSZ) ഭൂപടങ്ങളിൽ ഉയർന്ന അപകടസാധ്യതാ മേഖല (High Hazard Zone) അല്ലെങ്കിൽ മിതമായ അപകടസാധ്യതാ മേഖല (Moderate Hazard Zone) ആയി തരംതിരിക്കപ്പെട്ട പ്രദേശങ്ങളിൽ ആണ് ക്വാറി പ്രവർത്തിക്കുന്നത്/പ്രവർത്തനാനുമതി തേടുന്നത് എങ്കിൽ

ii. മുൻകാലങ്ങളിൽ ലാൻഡ്സ്ലയിഡ് ഉണ്ടായിട്ടുള്ള മലഞ്ചെരിവിൽ ആണ് ക്വാറി പ്രവർത്തിക്കുന്നത്/പ്രവർത്തനാനുമതി തേടുന്നത് എങ്കിൽ

5. മാർഗ്ഗരേഖയുടെ പ്രയോക്താക്കൾ

i. ഈ മാർഗ്ഗരേഖയിൽ ഉൾപ്പെടുന്ന നിർദേശങ്ങൾ നടപ്പിൽ വരുത്തുവാനുള്ള ചുമതല മൈനിങ് & ജിയോളജി വകുപ്പിന് ആയിരിക്കും

ii. ഈ മാർഗ്ഗരേഖയുടെ പ്രയോഗം State Level Expert Appraisal Committee, State Environment Impact Assessment Authority എന്നിവർ ഉറപ്പാക്കേണ്ടതാണ്

iii. പഠനങ്ങൾ നടത്തുന്നതിനുള്ള അനുമതി നല്കുവാനുള്ള ചുമതല ജില്ലാ ജിയോളൊജിസ്റ്റിനായിരിക്കും. പഠനം നടത്തുവാനുള്ള ജില്ലാ ജിയോളൊജിസ്റ്റിഇന്റെ ഉത്തരവിന് ദുരന്ത നിവാരണ നിയമ 2005, സെക്ഷൻ 72ഇന്റെ സംരക്ഷണം ഉണ്ടാകും

iv. നിർബന്ധിത സ്ഥലാധിഷ്ഠിത പഠനങ്ങളുടെ റിപോർട്ട്കൾ ജില്ലാ ജിയോളജിസ്റ്റിനാണ് ക്വാറി അപേക്ഷകൻ/അപേക്ഷക സമർപ്പിക്കേണ്ടതാണ്. റിപോർട്ട്കളിലെ ശുപാർശകൾ പരിഗണിച്ച് പാറ ഖനനം അനുവദനീയമാണെങ്കിൽ ജില്ലാ ജിയോളജിസ്റ്റിനു അപേക്ഷ അംഗീകരിക്കാവുന്നതാണ്. പ്രസ്തുത റിപ്പോർട്ട് അനുകൂലമല്ലെങ്കിൽ ജില്ലാ ജിയോളജിസ്റ്റിന് തന്നെ അപേക്ഷ നിരാകരിക്കാവുന്നതാണ്.

v. നിർബന്ധിത സ്ഥലാധിഷ്ഠിത പഠനങ്ങളുടെ റിപ്പോർട്ടുകൾ ജില്ലാ ജിയോളജിസ്റ്റിനു സമർപ്പിച്ചതിനുശേഷം ഒരുമാസത്തിനുള്ളിൽ ജില്ലാ ജിയോളജിസ്റ്റ് അംഗീകരിക്കുകയോ, നിരാകരിക്കുകയോ വേണം.

vi. ജില്ലാ ജിയോളജിസ്റ്റ് നിരാകരിക്കുന്ന പദ്ധതികളിൽ, അപ്പീൽ അധികാരി മൈനിങ് & ജിയോളജി വകുപ്പ് ഡയറക്ടർ ആയിരിക്കും.

vii. നിർബന്ധിത സ്ഥലാധിഷ്ഠിത പഠനങ്ങളുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലുള്ള പ്രവർത്തന അനുമതി നിരാകരിച്ച കത്ത് ലഭിച്ചാൽ 3 മാസത്തിനുള്ളിൽ അപേക്ഷകന് അപ്പീൽ സമർപ്പിക്കാം. അപ്പീൽ ലഭിച്ചാൽ 3 മാസത്തിനുള്ളിൽ തീർപ്പാക്കണം

viii. ദുരന്ത നിവാരണ നിയമം അനുസരിച്ചുള്ള മാർഗ്ഗരേഖയാണ് ഇത് എന്നതിനാൽ മൈനിങ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ തീരുമാനത്തിന് ദുരന്ത നിവാരണ നിയമത്തിന്റെ സംരക്ഷണം ഉണ്ടാകും.

ix. മൈനിങ് & ജിയോളജി വകുപ്പ് ഡയറക്ടർ അപേക്ഷ നിരാകരിച്ചാൽ അപേക്ഷകന് ഹൈക്കോടതിയെ സമീപിക്കാം

6. നിർബന്ധിത സ്ഥലാധിഷ്ഠിത പഠനങ്ങൾ

ഖണ്ഡിക 4-ൽ പരാമർശിക്കുന്ന പ്രദേശങ്ങളിൽ ഉൾപ്പെടുന്ന എല്ലാ ഖനന പദ്ധതികൾക്കും താഴെപ്പറയുന്ന സ്ഥലാധിഷ്ഠിത പഠനങ്ങൾ നിർബന്ധമായിരിക്കും.

1. ചരിവ് സ്ഥിരതാ പഠനം (Slope Stability Study)
2. സ്ഫോടന പ്രകമ്പന പഠനം (Blast Vibration Study)

മേൽ പഠനങ്ങൾ നടത്തുവാൻ ആവശ്യമായ Terms of Reference ഈ മാർഗ്ഗരേഖയുടെ അനുബന്ധമായി നല്കിയിട്ടുണ്ട്. പഠനങ്ങൾ നടത്തുവാൻ അംഗീകാരം ഉള്ള കേന്ദ്ര സ്ഥാപനങ്ങളുടെ പട്ടിക **ഖണ്ഡിക 7-ൽ** ചേർക്കുന്നു.

ക്വാറി അപേക്ഷകൻ സ്വന്തം ചെലവിൽ ആണ് ഈ പഠനങ്ങൾ നടത്തേണ്ടത്.

7. പഠനം നടത്താൻ അംഗീകാരമുള്ള സാങ്കേതിക സ്ഥാപനങ്ങൾ

A. National Institute of Rock Mechanics (NIRM), Eshwar Nagar, Outer Ring Road, Banashankari 2nd Stage, Bengaluru - 560070, Karnataka. Email: dto@nirm.in. Phone: +91-80-26934402/+91-8026934414.

B. National Institute of Technology Karnataka (NITK), Surathkal, Mangaluru - 575025, Karnataka. Email: director@nitk.edu.in. Phone: +91-824-2473000.

C. Indian Institute of Technology Roorkee (IIT Roorkee), Roorkee, Uttarakhand - 247667. Email: registrar@iitr.ac.in. Phone: +91-1332-285311.

D. CSIR-Central Institute of Mining and Fuel Research (CIMFR), Barwa Road, Dhanbad, Jharkhand - 826001. Email: director.cimfr@csir.res.in. Phone: +91-0326-2237200.

E. National Institute of Technology Calicut (NITC), NIT Campus P.O., Kozhikode - 673601, Kerala. Email: director@nitc.ac.in. Phone: +91-495-2286102.

F. RITES Ltd., RITES Bhawan, 1, Sector-29, Gurugram, Haryana - 122001. Email: info@rites.com, cmd@rites.com. Phone: +91-124-2571666.

G. CSIR-National Geophysical Research Institute (NGRI), Uppal Road, Hyderabad - 500007, Telangana. Email: director@ngri.res.in. Fax: +91-40-27171564.

H. CSIR - Central Institute of Mining and Fuel Research (CIMFR), 17/C, Telangkhedi Rd, Civil Lines, Nagpur, Maharashtra 440001. Email: director.cimfr@csir.res.in. Phone: +91-326-2296023/2296006.

8. ഖനന പദ്ധതികളുടെ വർഗ്ഗീകരണം

8.1 പുതിയ ഖനന പദ്ധതികൾ (Greenfield Projects)

i. ഖണ്ഡിക 4-ൽ പരാമർശിക്കുന്ന പ്രദേശങ്ങളിൽ പുതുതായി നിർദ്ദേശിക്കപ്പെടുന്ന ഖനന പദ്ധതികൾ

ii. വിവിധ അനുമതി നടപടിക്രമങ്ങളുടെയോ, വിലയിരുത്തൽ ഘട്ടങ്ങളുടെയോ (Appraisal Stages) ഭാഗമായി പരിഗണനയിലിരിക്കുന്നതും, ഖണ്ഡിക 4-ൽ പരാമർശിക്കുന്ന പ്രദേശങ്ങളിൽ ഉൾപ്പെട്ടതുമായ ഖനന പദ്ധതികൾ.

8.2 നിലവിലുള്ള ഖനന പദ്ധതികൾ (Existing Projects)

i. പ്രാബല്യത്തിലുള്ള ഖനന പാട്ടമോ (Mining Lease), ക്വാറിയിംഗ് പെർമിറ്റോ (Quarrying Permit) കൈവശം വച്ച് പ്രവർത്തിച്ചുവരുന്നതും, ഖണ്ഡിക 4-ൽ പരാമർശിക്കുന്ന പ്രദേശങ്ങളിൽ ഉൾപ്പെട്ടതായി ജില്ലാ ജിയോളജിസ്റ്റ് കണ്ടെത്തുന്ന ഖനന പദ്ധതികൾ

9. പഠനങ്ങൾ നടത്തേണ്ട ഘട്ടങ്ങൾ

ലാൻഡ്സ്ലയിഡ് സാധ്യതാ മേഖലകളിൽ ഉൾപ്പെടുന്ന കാറിക്കളിൽ നിർബന്ധിത സ്ഥലാധിഷ്ഠിത പഠനങ്ങൾ താഴെപ്പറയുന്ന ഘട്ടങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്.

i. പുതിയ കാറി അപേക്ഷകളുടെ കാര്യത്തിൽ, മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് Letter of Intent (LOI) അനുവദിച്ചതിന് ശേഷം Mining Plan തയ്യാറാക്കുന്നതിന് മുമ്പ്

ii. Letter of Intent ലഭിക്കുകയും Mining Plan അംഗീകരിക്കപ്പെടുകയും ചെയ്തിട്ടുള്ളതും Environmental Clearance ലഭിച്ചിട്ടില്ലാത്തതുമായ കാറികളുടെ കാര്യത്തിൽ Environmental Clearance അനുവദിക്കുന്നതിന് മുമ്പ്

iii. Letter of Intent, Mining Plan Approval, Environmental Clearance എന്നിവ ലഭിച്ചിട്ടുള്ളതും Quarry Lease/Permit അനുവദിച്ചിട്ടില്ലാത്തതുമായ കാറികളുടെ കാര്യത്തിൽ Quarry Lease/Permit അനുവദിക്കുന്നതിന് മുമ്പ്

iv. മുകളിൽ പറഞ്ഞ മൂന്ന് സാഹചര്യങ്ങളിലും Letter of Intent ലഭിച്ചതിന് ശേഷം, 16-3-2022 എന്ന തീയതിക്ക് ശേഷം, ഖണ്ഡിക 7-ലെ സ്ഥാപനങ്ങൾ മുഖേന നിർബന്ധിത സ്ഥലാധിഷ്ഠിത പഠനം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ അവ പരിഗണിക്കാവുന്നതാണ്. ഒരു പഠനം മാത്രമേ നടന്നിട്ടുള്ളൂ എങ്കിൽ, രണ്ടാമത്തെ പഠനവും നടത്തി, റിപ്പോർട്ടുകളിലെ ശുപാർശകൾ പരിഗണിച്ച് വേണം അനുമതി നല്കാൻ.

v. സാധുവായ Quarry Lease/Permit പ്രകാരം പ്രവർത്തിച്ചുവരുന്ന നിലവിലുള്ള കാറികളിൽ, പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാതെ, ഈ മാർഗ്ഗ രേഖ നിർദേശിക്കുന്ന നിർബന്ധിത സ്ഥലാധിഷ്ഠിത പഠനങ്ങൾ ഈ മാർഗ്ഗ രേഖ പ്രസിദ്ധീകരിച്ച തീയതി മുതൽ 6 മാസത്തിനുള്ളിൽ നടത്തി, റിപോർട്ട് സമർപ്പിക്കാൻ ജില്ലാ ജിയോളൊജിസ്റ്റ് കാറി അപേക്ഷകൻ/അപേക്ഷകയക്ക്/ഉടമ/നടത്തിപ്പ്കാരൻ/നടത്തിപ്പ്കാരിക്ക് നിർദേശം നൽകേണ്ടതാണ്. ആറ് (6) മാസം കാലാവധിക്കുള്ളിൽ നിർബന്ധിത സ്ഥലാധിഷ്ഠിത പഠന

റിപ്പോർട്ട് സമർപ്പിക്കാത്ത എല്ലാ ക്വാറികളും നിർത്തി വയ്ക്കേണ്ടതാണ്.

vi. നിലവിൽ പ്രവർത്തിക്കുന്ന ക്വാറികളിൽ Lease/Permit അനുവദിച്ചതിന് ശേഷം, 16-3-2022 എന്ന തീയതിക്ക് ശേഷം, ഖണ്ഡിക 7-ലെ സ്ഥാപനങ്ങൾ മുഖേന നിർബന്ധിത സ്ഥലാധിഷ്ഠിത പഠനം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ അവ പരിഗണിക്കാവുന്നതാണ്. ഒരു പഠനം മാത്രമേ നടന്നിട്ടുള്ളൂ എങ്കിൽ, രണ്ടാമത്തെ പഠനവും നടത്തി, റിപ്പോർട്ടുകളിലെ ശുപാർശകൾ പരിഗണിച്ച് വേണം തുടർച്ചാനുമതി നല്കാൻ.

vii. നിർബന്ധിത സ്ഥലാധിഷ്ഠിത പഠനം അനുസരിച്ചുള്ള അനുമതി ലഭിച്ചു എന്നത്കൊണ്ട് മാത്രം ക്വാറി പ്രവർത്തിപ്പിക്കുവാനുള്ള അന്തിമ അനുമതിയല്ല.

viii. മറ്റ് നിയമപരമായ അനുമതികൾ ലഭിക്കാതെ ക്വാറി പ്രവർത്തിപ്പിക്കുവാൻ പാടുള്ളതല്ല.

10. ഖനന പദ്ധതിയുമായി സംയോജിപ്പിക്കൽ

നിർബന്ധിത സ്ഥലാധിഷ്ഠിത പഠനങ്ങളിലെ ശുപാർശകൾ ഖനന പദ്ധതിയുടെ എല്ലാ തുടർഅനുമതി നടപടിക്രമങ്ങളുടെയും അവിഭാജ്യ ഘടകമായി കണക്കാക്കേണ്ടതും താഴെപ്പറയുന്ന രേഖകളിൽ നിർബന്ധമായും ഉൾപ്പെടുത്തി എന്ന് ജില്ലാ ജിയോളജിസ്റ്റ് ഉറപ്പ് വരുത്തേണ്ടതാണ്.

a) Mining Plan

b) Modified Mining Plan

i. Mining Plan ഇതുവരെ തയ്യാറാക്കിയിട്ടില്ലാത്ത ക്വാറികളിൽ, നിർബന്ധിത സ്ഥലാധിഷ്ഠിത പഠന റിപ്പോർട്ടുകളിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തി അപേക്ഷകൻ Mining Plan തയ്യാറാക്കേണ്ടതാണ്.

ii. Mining Plan ഇതിനകം അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ, നിർബന്ധിത സ്ഥലാധിഷ്ഠിത പഠന റിപ്പോർട്ടുകളുടെ വ്യവസ്ഥകൾ ഉൾപ്പെടുത്തി Modified Mining Plan ക്വാറി പെർമിറ്റ് അപേക്ഷകൻ തയ്യാറാക്കി ജില്ലാ ജിയോളജിസ്റ്റിൻ്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

iii. Environmental Clearance ആവശ്യമുള്ള പദ്ധതികളുടെ കാര്യത്തിൽ, നിർബന്ധിത സ്ഥലാധിഷ്ഠിത പഠനങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ ദുരന്തസാധ്യതാ ലഘൂകരണ നടപടികളും Mining Plan/Modified Mining Plan എന്നിവയിൽ അപേക്ഷകൻ ഉൾപ്പെടുത്തി പരിസ്ഥിതി അനുമതി നടപടിക്രമത്തിന്റെ ഭാഗമാക്കേണ്ടതാണ്. Environmental Clearance നൽകുന്ന അവസരത്തിൽ നിർബന്ധിത സ്ഥലാധിഷ്ഠിത പഠനങ്ങളിലെ ശുപാർശകൾ Mining Plan/Modified Mining Planൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് State Level Expert Appraisal Committee, State Environment Impact Assessment Authority എന്നിവർ ഉറപ്പാക്കേണ്ടതാണ്

iv. Environmental Clearance നിലവിൽ ലഭിച്ചിട്ടുള്ള ക്വാറികളിൽ, നിർബന്ധിത സ്ഥലാധിഷ്ഠിത പഠനങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ ദുരന്തസാധ്യതാ ലഘൂകരണ നടപടികളും Modified Mining Planൽ ഉൾപ്പെടുത്തി ജില്ലാ ജിയോളജിസ്റ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

v. സാധുവായ Quarry Lease/Permit പ്രകാരം പ്രവർത്തിച്ചു വരുന്ന നിലവിലുള്ള ക്വാറികളുടെ കാര്യത്തിൽ നിർബന്ധിത സ്ഥലാധിഷ്ഠിത പഠനങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ ദുരന്തസാധ്യതാ ലഘൂകരണ നടപടികളും Modified Mining Planൽ ഉൾപ്പെടുത്തി ജില്ലാ ജിയോളജിസ്റ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

vi. നിർബന്ധിത സ്ഥലാധിഷ്ഠിത പഠനങ്ങളുടെ വെളിച്ചത്തിൽ Modified Mining Plan അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ ഉള്ള അധികാരം ജില്ലാ ജിയോളജിസ്റ്റിനായിരിക്കും. മൈനിങ് & ജിയോളൊജി ഡയറക്ടറുടെ മുന്നിൽ അപ്പീൽ തീർപ്പാക്കി ഖനനം അനുവദിക്കുന്ന ക്വാറികളിൽ Modified Mining Plan അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ ഉള്ള അധികാരം മൈനിങ് & ജിയോളൊജി ഡയറക്ടർക്ക് ആയിരിക്കും.

11. പൊതു ദുരന്തസാധ്യതാ ലഘൂകരണ വ്യവസ്ഥകൾ

i. ക്വാറികളിലെ തൊഴിലാളികളുടെ സുരക്ഷ സംബന്ധിച്ച് കേന്ദ്ര/സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉത്തരവുകളും പാലിക്കുക

ii. നിർബന്ധിത സ്ഥലാധിഷ്ഠിത പഠന റിപ്പോർട്ടിൽ പരമാർശിച്ചിട്ടുള്ള എല്ലാ സുരക്ഷാ നടപടികളും പാലിക്കുക

iii. ക്വാറിയിൽ ഉണ്ടാകുന്ന അപകടത്തിൽ ബാധിക്കപ്പെട്ടാൽ ഒരാൾക്ക് ചുരുങ്ങിയത് 10 ലക്ഷം രൂപ മരണ ഇൻഷുറൻസ്, 5 ലക്ഷം രൂപ ചികത്സ ഇൻഷുറൻസ് എന്ന നിരക്കിൽ 10 പേർക്ക്, പേര് പരാമർശിക്കാത്ത ചികത്സ ഇൻഷുറൻസ് ഉറപ്പാക്കുക. ഇത്തരം ഒരു റിസ്ക് ട്രാൻസ്ഫർ നടപടി ക്വാറിയിൽ ഉണ്ടാകുന്ന അപകടങ്ങളുടെ സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നതിന് സഹായകം ആകും.

iv. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വർഷികമായി പ്രസിദ്ധീകരിക്കുന്ന ഓറഞ്ച് ബുക്കിൽ ഉൾപ്പെടുത്തുന്ന താല്കാലിക നിയന്ത്രണങ്ങൾ പാലിക്കുക.

v. പുതിയ ദുരന്ത സാധ്യതകൾ സൃഷ്ടിക്കപ്പെടാതെ ഇരിക്കുവാൻ, Mining and Geology Department Letter of Intent (LOI) അനുവദിച്ചിട്ടുള്ള ഖനന പദ്ധതികളുടെ കാര്യത്തിൽ സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന സുരക്ഷാ ബഫർ ദൂരപരിധിക്കുള്ളിൽ മൂന്നാം കക്ഷികൾക്ക് താമസ, വാണിജ്യ, മറ്റ് കെട്ടിട നിർമ്മാണ അനുമതികൾ, Letter of Intent (LOI) അനുവദിച്ച തീയതിക്ക് ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനുവദിക്കരുത്. ക്വാറി പെർമിറ്റ്/ലീസ് കാലാവധി അവസാനിക്കുന്നത് വരെയോ/റദ്ദാക്കുന്നതുവരെ ഈ നിയന്ത്രണം പ്രാബല്യത്തിൽ തുടരും.

12. മാർഗ്ഗരേഖാ അനുസരണാ പരിശോധനകൾ

i. അംഗീകൃത Mining Plan/Modified Mining Plan-ൽ ഉൾപ്പെടുത്തിയിട്ടുള്ള നിർബന്ധിത സ്ഥലാധിഷ്ഠിത പഠനങ്ങളിലെ ശുപാർശകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ജില്ലാ ജിയോളജിസ്റ്റ് രണ്ട്

File No. DMA1/295/2025-DMD (Computer No. 3343533)

Generated from eOffice by Dr. Aparna Wilson P K A S, US(A) DMD, US (A) DMD , Disaster Management Department on 13/10/2026 02

വർഷത്തിൽ ഒരിക്കൽ എങ്കിലും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

ii. നിർബന്ധിത സ്ഥലാധിഷ്ഠിത പഠന റിപോർട്ട്കൾ, SEIAA, സംസ്ഥാന/ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ എന്നിവർക്ക് പരിശോധിക്കാൻ ഉതകുന്ന വിധം പ്രസിദ്ധീകരിക്കേണ്ടതാണ്.

iii. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ ഉപദേശക സമിതി, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, സംസ്ഥാന/ജില്ലാ ഖനന ക്രൈസിസ് മാനേജ്മെൻറ് കമ്മിറ്റികൾ എന്നിവർക്ക് ആവശ്യാനുസരണം അനുസരണാ പരിശോധനകൾ നടത്താവുന്നതാണ്.

13. മാർഗ്ഗരേഖയുടെ പുനർപരിശോധന

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 5 വർഷത്തിൽ ഒരിക്കൽ ഈ മാർഗ്ഗരേഖ പുനർപരിശോധിക്കുകയും, ആവശ്യമെങ്കിൽ പുതുക്കൽ വരുത്തുകയും ചെയ്യും.

14. Terms of Reference (ToR) for Slope Stability Assessment for quarrying

The assessment report shall be prepared by one of the 8 recognized institutions as given in Section 7 of this guideline.

Slope stability studies shall be based on the *Standard Operating Procedure (SOP) for Meso-Scale (1:10,000/1:5,000) Landslide Susceptibility Mapping, 2021,* issued by the Geological Survey of India (GSI), along with the following modifications.

1. A landslide susceptibility map for the mining area and 500 m buffer shall be mandatory for all quarrying activities and must be submitted along with mining permit application.
2. The susceptibility mapping shall be carried out at a scale of 1:5,000, in strict accordance with the provisions outlined in the Standard Operating Procedure (SOP) for Meso-Scale Landslide Susceptibility Mapping, 2021, issued by the Geological Survey of India (GSI). All thematic layers used for the purpose shall also be in 1:5,000 scale
3. In addition to the above SOP, boulder assessment shall be undertaken within the slope facet(s) encompassing the mining area. All boulders, exposed or partly exposed, shall be identified and mapped using appropriate methods.
4. A comprehensive report shall be prepared by the institution to be submitted along with the mining application or to include in the mining plan or to modify the existing mining plan. The report shall include:
    - All thematic maps used for generating the landslide susceptibility map

- The final landslide susceptibility map along with clearly demarcated boulders
- Relevant field photographs, wherever necessary
- Both hard copies and soft copies of the report and thematic layer and final slope stability assessment map in shapefile format
- The slope stability assessment report should have the above maps, and specific risk management recommendations regarding:
    a. overburden management
    b. boulder management
    c. management of possible rock fall/rock slide sites
    d. identification of most appropriate sites for muck storage and management to reduce the risk of slope failure
    e. surficial and sub-surficial hydrological management plan for reducing the risk of slope failure
    f. material transportation management for reducing the risk of slope failure
    g. other relevant recommendations as deemed appropriate by the study team, to ensure safe and secure quarrying operations
- The report should also document the recommendations of the study in simple Malayalam and English for local community to understand the study results and the recommendations

15. Terms of Reference (ToR) for Blast Vibration Study for quarrying

NONEL blasting technique is the only blasting technique approved in landslide susceptible areas of Kerala for quarrying, and shall only be carried out under the personal supervision of a blast manager/mine manager certified for conducting NONEL blasting.

Blast vibration tests are conducted in quarrying areas to measure and control the impact of blasting on nearby structures, communities, and the environment. They help ensure compliance with safety regulations, optimize blast design, reduce damage to property and reduce impacts to ecosystems. This test is an essential test in the landslide susceptible slopes of Kerala.

The blast vibration study should be conducted by one of the 8 recognized institutions as given in Section 7 of this guideline. District Geologist (or his representative) should be present as observer at the site when the test is being conducted.

The agency conducting the blasting test shall:

1. Adopt a standard, well-recognized, and extensively adopted blasting test method needs to be used for the conduct of the test
2. The blasting test shall be conducted only using NONEL blasting technique
3. The blasting tests should be carried out at various depths and quantities (number of blasts) to determine the optimal depth and quantity ratio for the particular quarry,

ensuring minimal impact on the surrounding residential areas. (This will involve determining the potential number of pits, their depths, and their arrangement for each blasting operation in real time).

4. During the blasting test, it is crucial to accurately document the impact of vibrations on the cracks, joints, and fractures present in the rock within the quarry area/proposed quarry area, and the quarry buffer.

The final recommendation should also include:

1. Whether the vibrations are perceptible in the surrounding residential areas and slopes, which are prone to landslides, and also evaluate the impacts that may arise as a consequence of vibrations caused by these blasting.
2. Determine the range of impact caused by the blasting operations (blasting tests) conducted in the quarry.
3. Evaluate the vibration and other associated issues resulting from the maximum level of blasting that can be permitted in the quarry.
4. Establish appropriate minimum and maximum levels of blasting for the quarry during its operational phase.
5. Determine the permissible depth of the drill hole/pit for blasting and the frequency of blasting, ensuring that these activities do not pose any risks to public safety or property.
6. Assess the potential adverse effects of blasting in the quarry and its buffer areas, and nearby residential areas, including from both vibrations and airborne debris.
7. Maximum distance at which potential impacts may occur from the actual blasting sites

The recommendations desired from the testing institution from such a study are:

1. Risk Assessment: Can quarrying be permitted safely in the quarry area/proposed quarry area with impacts not spreading beyond the statutory buffer zone complying to the mitigation measures recommended in the slope stability assessment and the blast vibration study?
2. Blasting Permission: Is NONEL blasting safely feasible or if alternative methods (like mechanical rock splitting) should be used?
3. Operational Optimization: If NONEL is permissible, suggest the optimal explosive charge, delay timing, and blast design for efficient rock fragmentation and to ensure that vibration levels remain within statutory limits set through regulatory frameworks
4. Safety Assurance: Recommend mitigation measures to be adopted by the quarry owner/lease holder to reduce impacts of vibration on nearby houses, schools, roads, and other infrastructure from structural damage due to ground vibrations.
5. Community Confidence: Document the recommendations of the study in simple Malayalam and English for local community to understand the test results and the recommendations

File No. DMA1/295/2025-DMD (Computer No. 3343533)

Generated from eOffice by Dr. Aparna Wilson P K A S, US(A) DMD, US (A) DMD , Disaster Management Department on 13/10/2026 02

16. ഉപസംഹാരം

ലാൻഡ്സ്ലയിഡ് സാധ്യതാ മേഖലകളിലെ ഖനന പ്രവർത്തനങ്ങളുടെ ദുരന്തസാധ്യതാ ലഘൂകരണത്തിനായി ഏകീകൃതവും ശാസ്ത്രീയവുമായ നടപടിക്രമം ഉറപ്പാക്കുന്നതിനാണ് ഈ മാർഗ്ഗരേഖ രൂപീകരിച്ചിട്ടുള്ളത്. പൊതുസുരക്ഷ, ദുരന്തസാധ്യതാ ലഘൂകരണം എന്നിവ ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളും സ്ഥാപനങ്ങളും ഈ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്. ദുരന്തസാധ്യതാ മേഖലകളിൽ സുരക്ഷിതവും സുസ്ഥിരവുമായ ഖനന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന രേഖയായി ഈ മാർഗ്ഗരേഖ കണക്കാക്കപ്പെടുന്നതാണ്.

ഈ മാർഗ്ഗരേഖ കൃത്യമായി നടപ്പാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക്, ദുരന്ത നിവാരണ നിയമം 2005, Section 22 (2) (f) ["Evaluate preparedness at all governmental or non-governmental levels to respond to any threatening disaster situation or disaster and give directions, where necessary, for enhancing such preparedness"] പ്രകാരം നിർദേശം നല്കുന്നു.